Circular No.125
Proposed Caritas
Medical College

Catholic Metropolitan's House
P.B. No. 71, Kottayam -686 001
Kerala, India

Date : 01 - 12 - 2012

പ്രിയ ബഹു. അച്ചാ,

ദൈവസ്നേഹം നിരന്തരം അനുഭവിക്കുകയും അതു സഹോദരസ്നേഹത്തിലൂടെ പ്രകാശിപ്പിക്കുകയും ചെയ്യുന്നതാണല്ലോ ക്രൈസ്തവജീവിതം. കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാത്തവൻ കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കുന്നില്ല. ദൈവസ്നേഹം പോലെതന്നെ സഹോദരസ്നേഹവും അതിരുകളും അളവുകളും ഇല്ലാത്തതാണെന്ന് നല്ല സമറായന്റെ ഉപമയിലൂടെ ഈശോ നമ്മെ പഠിപ്പിക്കുന്നു.

ആഴമേറിയ ദൈവസ്നേഹത്തിന്റെയും അതിൽ നിന്നുരുത്തിരിയുന്ന സഹോദരസ്നേഹത്തിന്റെയും തുടർക്കഥയാണു ക്നാനായ സമുദായ ചരിത്രം. വിദ്യാഭ്യാസം, ആതുരസേവനം, സാമൂഹ്യ വികസനം തുടങ്ങിയ മേഖലകളിലെ കാലോചിതവും സമൂഹനന്മയ്ക്കും രാഷ്ട്രനിർമ്മിതിയ്ക്കും സഹായകവുമായ വിവിധ പ്രവർത്തനങ്ങളിലൂടെ നമ്മുടെ പിതാക്കന്മാർ നൽകിയ നിരവധിയായ സംഭാവനകളുടെ സൽഫലങ്ങൾ അനുഭവിക്കുന്ന നാം ഈ വഴികളിലുള്ള നിരന്തരവും ത്യാഗപൂർണ്ണവുമായ പ്രവർത്തനങ്ങളിലൂടെ അവരോടുള്ള ആദരവും നന്ദിയും പ്രകടിപ്പിക്കാൻ കടപ്പെട്ടവരാണ്.

ആതുരസേവനരംഗത്ത് അഭിമാനാർഹമായ പ്രവർത്തനം കാഴ്ച വയ്ക്കുന്ന നമ്മുടെ കാരിത്താസ് ആശുപത്രിയെ ഒരു മെഡിക്കൽ കോളേജായി ഉയർത്തുക എന്നത് ഏറെക്കാലമായി നമ്മുടെ ഏവരുടെയും സ്വപ്നമാണ്. ഉന്നത വിദ്യാഭ്യാസരംഗത്ത് കുറെക്കാലമായി നിലനിന്നിരുന്ന അനിശ്ചിതത്വവും ആ സാഹചര്യത്തിൽ ഒരു മെഡിക്കൽ കോളേജായി കാരിത്താസിനെ ഉയർത്താനുള്ള പരിശ്രമങ്ങൾ നമ്മുടെ സ്ഥാപനത്തിന്റെ സൽപ്പേരിനുളവാക്കാൻ സാദ്ധ്യതയുള്ള അപകടങ്ങളും പരിഗണിച്ച് നാം ക്ഷമാപൂർവ്വം മാറി നിൽക്കുകയായിരുന്നു. എന്നാൽ സഭയുടെ ദീർഘനാളത്തെ പരിശ്രമങ്ങളുടെ ഫലമായി നമ്മുടെ നാടിന്റെ വികസനത്തിൽ എല്ലാവർക്കും പങ്കുചേരാൻ സാധിക്കുന്ന നീതിപൂർവ്വകമായ ഒരവസ്ഥ സംജാതമാക്കുവാൻ കേരളത്തിലെ ഇപ്പോഴത്തെ ഗവൺമെന്റ് എടുത്ത തീരുമാനം നമ്മുടെ ആഗ്രഹം പൂവണിയുവാനുള്ള അവസരം സംജാതമാക്കിയിരിക്കുകയാണ്. ഉന്നതവിദ്യാഭ്യാസ രംഗത്ത് സാമൂഹ്യനീതി ഉറപ്പാക്കിക്കൊണ്ട് നിയമാനുസൃതം പ്രവർത്തിക്കാനാവശ്യമായ സ്വാതന്ത്ര്യം ലഭിക്കണം എന്ന സഭയുടെ നിരന്തരമായ ആവശ്യത്തിന് ഇപ്പോഴത്തെ സർക്കാർ നൽകിയ അംഗീകാരം മെഡിക്കൽ കോളേജിനായുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുവാൻ നമുക്കു പ്രചോദനം നൽകി. അതനുസരിച്ച് സഭയുടെ പ്രവർത്തനങ്ങളിൽ നാം വിഭാവനം ചെയ്യുന്ന സാമൂഹ്യ വികസന സങ്കൽപങ്ങളെ യാഥാർത്ഥ്യവൽക്കരിക്കുവാൻ നമുക്ക് അവസരം ലഭിച്ചിരിക്കുകയാണ്.

നാമൊരുക്കുന്ന വിദ്യാഭ്യാസ സൗകര്യങ്ങൾ സമുദായത്തിന്റെ വളർച്ചയോടൊപ്പം സമൂഹത്തിലെ നാനാജാതി മതസ്ഥരായ ആളുകൾക്കുകൂടി പ്രയോജനപ്പെടണമെന്നത് നമ്മുടെ സ്ഥിരമായ നയമാണ്. കേരളാ ഗവൺമെന്റ് ക്രൈസ്തവ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ഉണ്ടാക്കിയിരിക്കുന്ന പുതിയ കരാർ അനുസരിച്ച് നാം വിഭാവനം ചെയ്യുന്ന മെഡിക്കൽ കോളേജിൽ ആകെയുള്ള നൂറു സീറ്റിൽ 50 സീറ്റുകൾ മെറിറ്റ് സീറ്റാണ്. ഇതിൽ 35 സീറ്റുകൾ ജാതി മതഭേദമന്യേ എല്ലാവർക്കുമായി നൽകപ്പെടുമ്പോൾ 15 സീറ്റുകൾ സ്ഥാപനം നടത്തുന്ന സമൂഹത്തിനുള്ളതാണ്. ഉന്നതവിദ്യാഭ്യാസ മേഖലയിൽ പ്രത്യേകിച്ചും ആരോഗ്യമേഖലയിൽ ലഭിക്കുന്ന ഈ അവസരം പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ട് നമ്മുടെ സമുദായത്തിലെ 15 കുട്ടികൾക്ക് മെഡിസിന് ഓപ്പൺ മെറിറ്റിൽ അഡ്മിഷൻ നേടാൻ നമുക്ക് സാധിക്കും. ഓപ്പൺ മെറിറ്റിൽ പ്രവേശനം ലഭിക്കുന്ന കുട്ടികളിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി 40 ലക്ഷം രൂപയുടെ സ്കോളർഷിപ്പും ഈ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്.

ബാക്കിയുള്ള 50 സീറ്റിൽ 15 സീറ്റുകൾ NRI ക്വോട്ടായാണ്. നമ്മുടെ സമുദായത്തിലെ നല്ലൊരു ശതമാനം ആളുകൾ വിദേശ രാജ്യങ്ങളിലായിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ അവർക്ക് ഈ 15 സീറ്റുകൾ നൽകാൻ സാധിച്ചാൽ അതും സമുദായത്തിന്റെ വളർച്ചയിൽ ഗണ്യമായ പങ്കു വഹിക്കും എന്നതിൽ സംശയമില്ല. ബാക്കിയുള്ള 35 സീറ്റുകൾ വിവിധ വിഭാഗങ്ങൾക്കായി നീക്കി വയ്ക്കുമ്പോൾ അതിൽ നല്ലൊരു പങ്ക് ക്നാനായ സമുദായത്തിലെ

കുട്ടികൾക്കായി നീക്കി വയ്ക്കാൻ സാധിക്കും. ഓരോ വിഭാഗത്തിനും നീക്കി വയ്ക്കുന്ന സീറ്റുകൾ ആ വിഭാഗത്തിൽ നിന്നുള്ളവരുടെ മെറിറ്റിന്റെ മാത്രം അടിസ്ഥാനത്തിൽ നൽകപ്പെടുന്നതിനാൽ അഡ്മിഷൻ ഏറ്റം സുതാര്യവും ആരോപണങ്ങൾക്കതീതവും ആയി നടത്തുവാൻ നമുക്കു സാധിക്കുകയും ചെയ്യും. അതുവഴി കാരിത്താസിന്റെയും സഭയുടെയും സൽപേരുയർത്തുവാനും നമുക്ക് സാധിക്കും. 15 NRI സീറ്റുകൾ ഒഴികെ ബാക്കി 85 സീറ്റിലും ഇപ്പോൾ നിശ്ചയിക്കപ്പെട്ടിരിക്കുന്ന ഫീസ് പ്രതിവർഷം മൂന്നേമുക്കാൽ ലക്ഷം രൂപയാണ്.

ഭൂരിഭാഗം ക്നാനായ കുട്ടികൾക്കും മെഡിക്കൽ പ്രവേശനം ഇന്നും ഒരു മരീചികയായി നിലകൊള്ളുന്ന സാഹചര്യത്തിൽ എല്ലാവർഷവും 15 മുതൽ 40 വരെയോ അതിൽ കൂടുതലോ സീറ്റുകൾ ക്നാനായ സമുദായത്തിൽ നിന്നുള്ള വിദ്യാർത്ഥിനീ വിദ്യാർത്ഥികൾക്ക് ലഭിക്കാനുള്ള സാദ്ധ്യതയാണ് നമ്മുടേതായ ഒരു മെഡിക്കൽ കോളേജ് എന്ന ആശയവുമായി മുന്നോട്ടുപോകുവാൻ നമ്മെ പ്രേരിപ്പിക്കുന്നത്. എന്നാൽ ഇതുൾക്കൊള്ളുന്ന സാമ്പത്തിക ബാദ്ധ്യത പലരിലും ആശങ്ക ഉളവാക്കി. ആവശ്യമായ സ്ഥലം നമുക്ക് ഇപ്പോൾ ഉള്ളതിനാൽ കെട്ടിടങ്ങൾ, ലാബ്രട്ടറി തുടങ്ങിയവയ്ക്കായി ഇനി 210 കോടി രൂപ ഉണ്ടാകണം. പാസ്റ്ററൽ കൗൺസിലും പ്രെസ്ബിറ്ററൽ കൗൺസിലും ക്നാനായ സമുദായത്തിന് സ്വന്തമായ ഒരു മെഡിക്കൽ കോളേജ് എന്ന ആശയവും അതുവഴി സമുദായത്തിനുണ്ടാകാവുന്ന വളർച്ചയും സർവ്വാത്മനാ സ്വാഗതം ചെയ്തെങ്കിലും ഈ വലിയ സാമ്പത്തിക ഭാരം പേറുവാൻ നമുക്കാവുമോ എന്ന ആശങ്കയിൽ സാമ്പത്തിക സാദ്ധ്യതകളെക്കുറിച്ച് കൂടുതൽ പഠിച്ച ശേഷം മുന്നോട്ടു പോയാൽ മതി എന്നു നിർദ്ദേശിച്ചു.

നമുക്ക് NOC ലഭിച്ച മെഡിക്കൽ കോളേജ് നാം ഉപേക്ഷിച്ചു എന്നൊരു വാർത്ത എപ്രകാരമോ വ്യാപിച്ചതോടെ നമ്മുടെ സമുദായത്തിന്റെ നാനാതുറകളിൽപ്പെട്ട ധാരാളം ആളുകൾ നേരിട്ടും കത്തു മുഖേനയും മറ്റുരീതികളിലും എന്നോടു ബന്ധപ്പെടുകയും NOC ലഭിച്ച മെഡിക്കൽ കോളേജ് ഉപേക്ഷിക്കരുതെന്ന് ആവശ്യപ്പെടുകയും ചെയ്തു. നമ്മെ സ്നേഹിക്കുന്ന മറ്റാളുകളും എന്നെക്കണ്ട് കാരിത്താസ് മെഡിക്കൽ കോളേജിനായുള്ള പരിശ്രമങ്ങളുമായി മുന്നോട്ടു പോകണമെന്ന് നിർദ്ദേശിക്കുകയുണ്ടായി. അതിന്റെ വെളിച്ചത്തിൽ ഒക്ടോബർ മാസം 11-ാം തീയതി ചേർന്ന പാസ്റ്ററൽ കൗൺസിൽ മെഡിക്കൽ കോളേജിനാവശ്യമായ സാമ്പത്തിക മാർഗ്ഗങ്ങൾ നിർദ്ദേശിക്കുവാൻ കാരിത്താസ് ട്രസ്റ്റ് ചെയർമാനായ അഭിവന്ദ്യ പണ്ടാരശേരിൽ പിതാവിന്റെ നേതൃത്വത്തിൽ ഒരു കമ്മറ്റിയോടാവശ്യപ്പെട്ടു. നമ്മുടെ ആളുകൾ സന്മനസ്സോടെ വിവിധങ്ങളായ ധനസമാഹരണ പാക്കേജുകളിൽ സഹകരിച്ചാൽ നമ്മുടെ സ്വപ്നം യാഥാർത്ഥ്യമാക്കാമെന്ന് കമ്മറ്റി കണ്ടെത്തുകയുണ്ടായി. ഈ പാക്കേജുകൾ ഇതിനോടകം തന്നെ നമ്മുടെ ഫൊറോനാകളിൽ ബഹു. വൈദികരെ വിളിച്ചുകൂട്ടി അഭിവന്ദ്യ പണ്ടാരശ്ശേരിൽ പിതാവ് വിശദീകരിക്കുകയും പാരീഷ് കൗൺസിൽ അംഗങ്ങളെ വിളിച്ചുകൂട്ടി പിതാവുതന്നെ ഇക്കാര്യങ്ങൾ വിശദീകരിക്കണമെന്ന് ബഹു. അച്ചന്മാർ പിതാവിനോട് ആവശ്യപ്പെടുകയും ചെയ്തു. അവരുടെയുംകൂടി അഭിപ്രായം അറിഞ്ഞ ശേഷം മാത്രം ഇക്കാര്യത്തിൽ അന്തിമ തീരുമാനം എടുക്കാമെന്നാണ് വിചാരിക്കുന്നത്. അതിനു മുമ്പായി ഇതു സംബന്ധമായ വിവരങ്ങൾ എല്ലാവരേയും അറിയിക്കുന്നതിനാണ് ഈ സർക്കുലർ ഞാൻ അയക്കുന്നത്.

ഇപ്പോൾ സ്തുത്യർഹമായ രീതിയിൽ പ്രവർത്തിക്കുന്ന കാരിത്താസ് ആശുപത്രിയുടെ സേവനങ്ങളെ മെഡിക്കൽ കോളേജ് പ്രതികൂലമായി ബാധിക്കില്ലെ എന്നൊരു സംശയം ചിലർക്കെങ്കിലുമുണ്ട്. അതിനെപ്പറ്റി വിശദമായി നടത്തിയ പഠനത്തിന്റെ വെളിച്ചത്തിൽ ഈ സംശയം തീർത്തും അടിസ്ഥാന രഹിതമാണ് എന്ന് കണ്ടെത്തുകയുണ്ടായി. ഇപ്പോൾ കാരിത്താസ് ആശുപത്രിയിൽ ലഭിക്കുന്ന സേവനങ്ങളെയൊന്നും മെഡിക്കൽ കോളേജ് സ്പർശിക്കുകയില്ല. കാരണം മെഡിക്കൽ കോളേജ് പ്രവർത്തിക്കുന്നത് അതിനായി നാം നിർമ്മിക്കേണ്ടിവരുന്ന 500 കിടക്കകളുള്ള വാർഡിലാണ്. ഇപ്പോൾ നമുക്കുള്ള മുറികളോ അതിലെ രോഗികളോ ഒന്നും മെഡിക്കൽ കോളേജിന്റെ പ്രവർത്തനപരിധിയിൽ വരുന്നില്ല. വാർഡുകളിലുള്ള രോഗികളെ മാത്രമാണ് മെഡിക്കൽ വിദ്യാർത്ഥികളും അവരുടെ പ്രൊഫസർമാരും സന്ദർശിക്കുന്നത്. മെഡിക്കൽ കോളേജ് വന്നാൽ നമുക്കുള്ള ഒ.പി. വിഭാഗം കൂടുതൽ ഡോക്ടർമാരോടും സൗകര്യങ്ങളോടും കൂടി നവീകരിക്കേണ്ടിവരും. അതിന്റെ നന്മ കാരിത്താസിൽ വരുന്ന എല്ലാവർക്കും ലഭിക്കുകയും ചെയ്യും. തങ്ങളുടെ ആഗ്രഹമനുസരിച്ച് ഇപ്പോഴുള്ള മുറികളിലോ അല്ലെങ്കിൽ മെഡിക്കൽ കോളേജ് വാർഡുകളിലോ രോഗികൾക്ക് പ്രവേശനം നേടാവുന്നതാണ്. കാരിത്താസ് ആശുപത്രിയിൽ പ്രവേശനം നേടുന്നവർക്കെല്ലാം ഇപ്പോൾ ലഭിക്കുന്ന എല്ലാ ശുശ്രൂഷകളും ലഭി

ക്കുന്നതാണ്.

മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിന്റെ ആദ്യപടിയായി കമ്മറ്റി ആവശ്യപ്പെട്ടത് കാരിത്താസ് മെഡിക്കൽ കോളേജ് ക്നാനായ സമുദായം അതിന്റെ സ്വന്തമായി കണക്കാക്കണം എന്നതാണ്. കാരണം ഇതു ലക്ഷ്യം വയ്ക്കുന്നത് ഉന്നത വിദ്യാഭ്യാസ രംഗത്ത് നമ്മുടെ സമുദായത്തിന്റെ വലിയ വളർച്ചയാണ്. അതിനാൽതന്നെ ഈ സ്ഥാപനത്തിന്റെ വളർച്ചയിലും ഉയർച്ചയിലും ഓരോ സമുദായാംഗവും അഭിമാനപൂർവ്വം പങ്കുചേരണം. ഇതിനായി കമ്മറ്റി മുമ്പോട്ടുവച്ച വിവിധ മാർഗ്ഗങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് ക്നാനായ സമുദായത്തിലെ ഓരോ കുടുംബവും "കാരിത്താസ് മെഡിക്കൽ കെയർ" പദ്ധതിയിൽ പങ്കുചേരുക എന്നതാണ്. ആർക്കും സാമ്പത്തികനഷ്ടം ഉണ്ടാകാത്തതും എന്നാൽ ആവശ്യനേരത്ത് ഏറ്റവും ഉപയുക്തവുമായ ഈ പദ്ധതി അനുസരിച്ച് സമുദായത്തിലെ ഓരോ കുടുംബവും ഒരു ലക്ഷം രൂപാ എങ്കിലും ആ കുടുംബത്തിന്റെ ആരോഗ്യസുരക്ഷയ്ക്കായി ഈ പദ്ധതിയിൽ നിക്ഷേപിക്കുക. കുടുംബത്തിൽ ആർക്കെങ്കിലും രോഗം വന്നാൽ കാരിത്താസിൽ ചികിത്സ നേടാവുന്നതും ആ ചികിത്സയ്ക്കാവശ്യമായി വരുന്ന തുക നിക്ഷേപത്തിൽ നിന്നും കുറവു ചെയ്യുന്നതുമാണ്. ഇപ്രകാരം തങ്ങൾ നിക്ഷേപിച്ച തുക മുഴുവനായും ആ കുടുംബത്തിന് ഏറ്റം അത്യാവശ്യമായ രോഗാവസ്ഥയിൽ തിരികെ ലഭിക്കുന്നു. വിദേശത്തുള്ളവർക്കും തങ്ങളുടെ മാതാപിതാക്കൾക്കോ സഹോദരങ്ങൾക്കോ വേണ്ടിയും ഈ പദ്ധതിയിൽ പങ്കുചേരാവുന്നതാണ്. ഏതെങ്കിലും മെഡിക്കൽ ഇൻഷ്വറൻസ് ഉള്ളവർക്കും ഈ പദ്ധതി കൂടുതൽ പ്രയോജനപ്രദമാണ്. രോഗം വന്നാൽ ഉടൻ തന്നെ ചികിത്സ ലഭിക്കുന്നതും പിന്നീട് ഇൻഷ്വറൻസ് തുക കിട്ടുമ്പോൾ അത് അവർക്കു തന്നെ ലഭിക്കുന്നതുമാണ്. ക്നാനായ സമുദായത്തിനു പുറത്തുള്ള നമ്മുടെ സുഹൃത്തുക്കൾക്കും ഈ പദ്ധതിയിൽ പങ്കുചേരാവുന്നതും സാമ്പത്തിക ബാദ്ധ്യത ഇല്ലാതെതന്നെ കാരിത്താസ് മെഡിക്കൽ കോളേജിന്റെ നിർമ്മാണത്തിലും അവരുടെ തന്നെ ആരോഗ്യ പരിരക്ഷയിലും പങ്കാളികളാകാവുന്നതാണ്. ഈ പദ്ധതിയിൽ പങ്കാളികളാവുന്നവർക്ക് പ്രോത്സാഹനമായി കാരിത്താസിലെ മുറിവാടകയിൽ നിശ്ചിതശതമാനം ഇളവുകൊടുക്കാമെന്നും നിർദ്ദേശമുണ്ട്.

ഇതിനു പുറമെ മെഡിക്കൽ കോളജിനാവശ്യമായ കെട്ടിടങ്ങൾ, മുറികൾ, ലാബ്രട്ടറികൾ, ലൈബ്രറി, തുടങ്ങി വിവിധ ആവശ്യങ്ങൾ വ്യക്തികൾക്കോ ഇടവകകൾക്കോ സ്ഥാപനങ്ങൾക്കോ സ്പോൺസർ ചെയ്യാവുന്നതാണ്. NRI സീറ്റുകൾ തങ്ങളുടെ കുട്ടികൾക്കുവേണ്ടി അഞ്ചുവർഷത്തെ NRI ഫീസ് ഒന്നിച്ചു നൽകി മാതാപിതാക്കളോ ബന്ധുജനങ്ങളോ മുൻകൂട്ടി ബുക്കുചെയ്യാനുള്ള സാദ്ധ്യതകളും കമ്മറ്റി നിർദ്ദേശിക്കുന്നുണ്ട്. കൂടുതൽ തുക പലിശരഹിത വായ്പയായി നൽകിക്കൊണ്ടും മെഡിക്കൽ കോളേജ് നിർമ്മാണത്തിൽ സന്മനസ്സുള്ള ഏവർക്കും പങ്കു ചേരാവുന്നതാണ്. കൂടുതൽ തുക സംഭാവനയായി നൽകുന്നവരുടെ പേരുകൾ മെഡിക്കൽ കോളേജിൽ ഫലകത്തിൽ എഴുതിവയ്ക്കാനുള്ള സാദ്ധ്യതയും കമ്മറ്റി സൂചിപ്പിക്കുകയുണ്ടായി.

പാവപ്പെട്ടവരോടും പാർശ്വവൽക്കരിക്കപ്പെട്ടവരോടുമുള്ള നമ്മുടെ പക്ഷംചേരൽ ഏറ്റവും കൂടുതൽ പ്രകടമായി നാം ദർശിക്കുന്നത് അവർക്കായി മെഡിക്കൽ കോളേജിന്റെ ഭാഗമായി നിർമ്മിക്കുന്ന വാർഡുകളിലാണ്. ഇത് ക്നാനായ സമുദായത്തിലെ ഓരോ വ്യക്തിയുടെയും താൽപര്യപൂർവ്വകമായ ജീവകാരുണ്യപ്രവർത്തനത്തിലൂടെ യാഥാർത്ഥ്യമാക്കാനാണ് നാം ആഗ്രഹിക്കുന്നത്. വാർഡുകളിലെ സൗജന്യതാമസം മാത്രമല്ല, ആ വാർഡുകളിൽ നൽകപ്പെടുന്ന സൗജന്യ ചികിത്സയും പാവപ്പെട്ടവരോടുള്ള നമ്മുടെ അനുഭാവപൂർണ്ണമായ സമീപനത്തിന്റെ ഉത്തമ ഉദാഹരണമായിരിക്കും. നമ്മുടെ ഇടവകകൾക്കും സ്ഥാപനങ്ങൾക്കും വ്യക്തികൾക്കുമെല്ലാം ത്യാഗമനസ്സോടെ പങ്കു ചേരാവുന്ന ഈ യത്നത്തിൽ സർവ്വാത്മനാ പങ്കു ചേർന്നുകൊണ്ട് കാരിത്താസ് മെഡിക്കൽ കോളേജിനെ മനുഷ്യസ്നേഹത്തിന്റെ മഹനീയ മാതൃകയായി നിലനിർത്താൻ നമുക്ക് പരിശ്രമിക്കുകയും ചെയ്യാം.

പ്രിയമുള്ളവരേ, കാരിത്താസ് മെഡിക്കൽ കോളേജ് നമ്മുടെ സമുദായത്തിന്റെ സ്വപ്ന സാക്ഷാത്ക്കാരമാണ്. നാമോരോരുത്തരും ആവുംവിധത്തിൽ ഈ ഉദ്യമത്തിൽ പങ്കുചേർന്നുകൊണ്ട് ഈ നേട്ടത്തിൽ ഭാഗഭാക്കുകളാകണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. എനിക്കിനി പഠിക്കാൻ മക്കളില്ല, എന്റെ മക്കളെല്ലാം മറ്റു സ്ഥലങ്ങളിൽ പഠിക്കുന്നവരാണ് തുടങ്ങിയ ചിന്തകൾ ഈ വലിയ ഉദ്യമത്തിൽ പങ്കാളികളാകുന്നതിൽ നിന്ന് നമ്മെ തടയരുത്. നാം ഇന്നെന്തായിരിക്കുന്നുവോ അതിന്റെ അടിസ്ഥാനം നമ്മുടെ പിതാക്കന്മാരുടെ ത്യാഗവും സമർപ്പണവുമാണ് എന്ന ബോദ്ധ്യത്തോടെ നാളത്തെ സമൂഹനിർമ്മിതിയിൽ ഔദാര്യത്തോടെ പങ്കുചേരാൻ നമുക്കു ലഭിക്കുന്ന ഈ അവസരം പരമാവധി പ്രയോജനപ്പെടു

ത്താം. ശോഭനമായ ഭാവിയുടെ പ്രകാശപൂർണ്ണമായ വഴിത്താരയിലേയ്ക്ക് ക്നാനായ സമുദായത്തെയും നാം ജീവിക്കുന്ന സമൂഹത്തെയും നയിക്കാൻ ത്യാഗമനോഭാവത്തോടെ നമുക്കൊന്നു ചേരാം. ഈ മഹാസംരംഭത്തിന്റെ സാക്ഷാത്ക്കാരത്തിനായി ക്രിയാത്മകമായ നിർദ്ദേശങ്ങളോ അഭിപ്രായങ്ങളോ കത്തു മുഖേനയോ ഇ-മെയിൽ വഴിയോ (carithasmc@gmail.com) അഭിവന്ദ്യ പണ്ടാരശ്ശേരിൽ പിതാവിനെ അറിയിക്കുന്നത് കൂടുതൽ മെച്ചമായ രീതിയിൽ ഈ പദ്ധതിയുമായി മുന്നോട്ടു പോകുന്നതിന് കമ്മറ്റിയെ സഹായിക്കും. നിങ്ങളുടെ ഏവരുടെയും പ്രാർത്ഥനാപൂർവ്വകമായ പരിചിന്തനവും ക്രിയാത്മകമായ സഹകരണവും നമ്മുടെ സമുദായത്തിന്റെ വളർച്ചയിലും സമൂഹനിർമ്മിതിക്കായുള്ള പരിശ്രമത്തിലും ഒരിക്കൽക്കൂടി പ്രകാശിതമാകാൻ ഈ സംരംഭം സഹായകമാകട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട്,

സ്നേഹപൂർവ്വം

**✠മാർ മാത്യു മൂലക്കാട്ട്**
കോട്ടയം അതിരൂപതയുടെ മെത്രാപ്പോലീത്ത

---

N.B. ഈ സർക്കുലർ 2012 ഡിസംബർ 16-ാം തീയതി ഞായറാഴ്ച നമ്മുടെ എല്ലാ ദേവാലയങ്ങളിലും വി. കുർബാന മദ്ധ്യേ വായിച്ചറിയിക്കേണ്ടതാണ്.